# വിശ്വാസ് സ്മരണിക പ്രകാശനം ചെയ്തു

പാലക്കാട് ● വിശ്വാസിന്റെ വാർഷികത്തോടനുബന്ധിച്ച് ഏഴു വർഷത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ സ്മരണിക പ്രകാശനം ചെയ്തു. മുൻ ഐജിയും വിശ്വാസിന്റെ മുഖ്യ രക്ഷാധികാരിയുമായ വി.എൻ. രാജൻ മുൻ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർക്ക് നൽകിയായിരുന്നു പ്രകാശനം.

വിശ്വാസിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും എല്ലാ ജില്ലകളിലും ശാഖകൾ തുടങ്ങണമെന്നും വി.എൻ. രാജൻ അഭിപ്രായപ്പെട്ടു. പ്രളയബാധിതർക്കു വീടുകൾ നിർമിച്ചു നൽകിയ വിശ്വാസ് ആവാസ് പദ്ധതിയും സിവിൽ സ്റ്റേഷനിലും കോടതികളിലും എത്തുന്ന നിർധനർക്ക് ഭക്ഷണം നൽകുന്ന ഉച്ചയ്ക്കൊരൂണ് പദ്ധതിയും മാതൃകാ പ്രവർത്തനങ്ങളാണെന്നു ചേറ്റൂർ ശങ്കരൻ നായർ പറഞ്ഞു. വിശ്വാസ് വൈസ് പ്രസിഡന്റ് എസ്. ശാന്താദേവി അധ്യക്ഷയായി. വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, വിശ്വാസ് വൊളന്റിയർ ലേഖ മേനോൻ, ജോർജ്, മനോജ് ശിവദാസ് മേനോൻ, സുധീർ രാജൻ, ചിത്ര എന്നിവർ പ്രസംഗിച്ചു.

മനോരമ